**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 60** **09-08-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറകൾ വാങ്ങിയതിലെ നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി കെൽട്രോൺ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നോ; | (എ) | **കെൽട്രോൺ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു.** |
| (ബി) | ഈ എസ്റ്റിമേറ്റ് പ്രകാരം എ.ഐ. ക്യാമറകൾക്ക് ആവശ്യമായ സാമഗ്രികളുടെ വില നിർണ്ണയിച്ചത് എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കാമോ; | (ബി) | കെൽട്രോൺ സ്ഥാപിച്ച എ. ഐ ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റം 24 ഓളം വ്യത്യസ്തമായ ഘടകങ്ങൾ കൂട്ടി യോജിപ്പി-ച്ചിട്ടുള്ളതാണ്. ഉത്പാദന ചെലവ്, പദ്ധതി മാർഗ്ഗരേഖ പ്രകാരം ചെലവാക്കുന്ന മൂലധനം 6½ വർഷത്തിനു ശേഷമാണ് പൂർണമായും തിരികെ ലഭിക്കുന്നതിനാൽ പ്രസ്തുത തുകയ്ക്കുള്ള പലിശയും മറ്റ് സാമ്പത്തിക ചെലവുകളും ഉൾപ്പെടെയുള്ള ബാധ്യത, സിസ്റ്റം ഇന്റഗ്രേറ്റർക്ക് കിട്ടാവുന്ന പ്രതീക്ഷിത ലാഭം, കെൽട്രോണിനു ലഭിക്കേണ്ട ലാഭവിഹിതം മുതലായ മാനദണ്ഡങ്ങൾ അനുസരിച്ചാണ് വില നിർണ്ണയിച്ചിട്ടുള്ളത്. |
| (സി) | കെൽട്രോൺ നൽകിയ എസ്റ്റിമേറ്റ് പ്രകാരം എ.ഐ. ക്യാമറകൾക്കും ക്യാമറകൾക്ക് ആവശ്യമായ സാമഗ്രികൾക്കുമുള്ള വില മാർക്കറ്റ് വിലയേക്കാൾ നിരവധി മടങ്ങ് വർദ്ധിക്കാനിടയായ സാഹചര്യം വിശദമാക്കാമോ; | (സി) | കെൽട്രോൺ സ്ഥാപിച്ചിട്ടുള്ള എ. ഐ ട്രാഫിക് എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റത്തിനും മറ്റു എൻഫോഴ്സ്മെന്റ് ക്യാമറ സിസ്റ്റങ്ങൾക്കും നിർണയിച്ചിരിക്കുന്ന അടിസ്ഥാനവില സമാന സ്പെസിഫിക്കേഷനിൽ ഉള്ള ഇതര ഒ. ഇ. എം. കളുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 30 – 35% കുറവാണ്. |
| (ഡി) | കെൽട്രോൺ ഈ പദ്ധതിക്ക് കോസ്റ്റ് മോഡലിംഗ് തയ്യാറാക്കിയത് എന്തൊക്കെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് എന്ന് വ്യക്തമാക്കാമോ? | (ഡി) | ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കുന്നതിലൂടെ കേരളത്തിലെ റോഡുകളിലൂടെയുള്ള യാത്ര സുരക്ഷിതമാക്കുന്നതിനു വേണ്ടി വിഭാവനം ചെയ്ത ഈ പദ്ധതി കേരള സർക്കാരിന് മുൻകൂറായി യാതൊരു ചെലവും ഇല്ലാത്തതാണ്. അതായത് പദ്ധതിയുടെ വിജയകരമായ നിർവ്വഹണത്തിനു ശേഷം മാത്രം അഞ്ചു വർഷം കൊണ്ട് 20 ത്രൈമാസ തുല്യ |

| | | | |
|---|---|---|---|
| | | | ഗഡുക്കളായിട്ടാണ് തുക അടയ്ക്കേണ്ടത്. ഉത്പാദന ചെലവ്, മുതൽ മുടക്കുന്ന മൂലധനം 6½ വർഷത്തിനു ശേഷമാണ് പൂർണമായും തിരികെ ലഭിക്കുന്നതിനാൽ പ്രസ്തുത തുകയ്ക്കുള്ള പലിശയും മറ്റ് സാമ്പത്തിക ചെലവുകൾക്കുമുള്ള ബാധ്യത, സിസ്റ്റം ഇന്റഗ്രേറ്റർക്ക് കിട്ടാവുന്ന പ്രതീക്ഷിത ലാഭം, കെൽട്രോണിനു ലഭിക്കേണ്ട ലാഭവിഹിതം മുതലായ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ഉൽപ്പന്നത്തിന്റെ വില നിർണ്ണയിച്ചിട്ടുള്ളത്.<br><br>സേഫ് കേരള പദ്ധതി നടപ്പിലാക്കിയതിനു ശേഷം റോഡിലെ അപകട നിരക്ക് ഗണ്യമായി കുറഞ്ഞിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിജയത്തെ തുടർന്ന് ആയതിനെ സംബന്ധിച്ച് പഠിക്കുന്നതിന് വിവിധ സംസ്ഥാനങ്ങളിലെ വിദഗ്ധർ സംസ്ഥാനം സന്ദർശിച്ച് പഠനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ